Vol. 1, Issue : 1 February 2014

# Parish Bulletin
# Stephanian
St. Stephens Indian Orthodox Congregation
Kuwait

## കൂദാശകളുടെ അനുഷ്ഠാനം

Fr. Dr. Johns Abraham, Konattu

കൂദാശകളുടെ എണ്ണം ക്ലിപ്തപ്പെടുത്തുന്ന രീതി ഓർത്തഡോക്സ് പാരമ്പര്യത്തിലില്ല. ദൈവവുമായി നമ്മെ അടുപ്പിക്കുന്ന, ദൈവീകരണത്തിന് നമ്മെ സഹായിക്കുന്ന, ഏതൊരനുഷ്ഠാനവും വിപുലമായ അർത്ഥത്തിൽ കൂദാശയാണെന്ന് പറയാം. അപ്പോൾ യേശുക്രിസ്തുവിന്റെ മനുഷ്യാവതാരം തന്നെ ഒരു കൂദാശയാണെന്ന് പറയാം. രഹസ്യം എന്ന വാക്കാണ് സുറിയാനി പാരമ്പര്യത്തിൽ കൂദാശകൾക്ക് പൊതുവായി ഉപയോഗിക്കുന്നത്.

### ആരാധനയുടെ വേദശാസ്ത്രം

പ്രാർത്ഥനകളുടെ മാത്രം സമാഹാരമല്ല ആരാധന. പ്രത്യേകിച്ച് കിഴക്കൻസഭകളുടെ ആരാധനയുടെ അർത്ഥതലങ്ങൾ ഗ്രഹിക്കുവാൻ പ്രാർത്ഥനകൾ മാത്രം പരിശോധിച്ചാൽ മതിയാവുകയില്ല. അംഗവിക്ഷേപങ്ങളും, പ്രാർത്ഥനകളും,വേദവായനകളും, പാട്ടുകളും, പ്രദക്ഷിണങ്ങളും എല്ലാം ഉൾക്കൊള്ളുന്ന ഒരു ക്രമമുണ്ട് ആരാധനയ്ക്ക്. ധൂപക്കുററി, മർവഹ്സ മുതലായ വിവിധതരത്തിലുള്ള ഉപകരണങ്ങൾ അതിൽ ഉപയോഗിക്കുന്നുണ്ട്. അവയ്ക്കെല്ലാം ആഴമായ അർത്ഥങ്ങളുണ്ട്. ക്രിസ്തുശരീരമാകുന്ന സഭ ത്രിത്വമെന്ന പരമസത്യത്തെ അഭിമുഖീകരിക്കുകയാണ് ആരാധനയിൽ. മുഖാമുഖം വരുന്ന ഈ രണ്ടു യാഥാർത്ഥ്യങ്ങളും രണ്ടു സമൂഹങ്ങളാണ്. സഭയാകുന്ന സമൂഹം, സ്നേഹത്തിലും നിരന്തര ആരാധനയിലും ഒന്നായി നിൽക്കുന്ന വി. ത്രിത്വമെന്ന സമൂഹത്തെയാണ് ആരാധനയിൽ അഭിമുഖീകരിക്കുന്നത്. പ്രാർത്ഥനകളുടെ ഘടനയിലും പള്ളിയുടെ ഘടനയിലുമെല്ലാം ഈ അടിസ്ഥാനതത്വം പ്രകടമാണ്. പ്രാർത്ഥനകൾ നല്ലൊരുപങ്കും ത്രിത്വസ്തുതിയിൽ അവസാനിക്കുന്നതു, ജനങ്ങളുടെ പ്രതീകമായ പ്രാകാരവും, ദൈവസാന്നിധ്യത്തിന്റെ പ്രതീകമായ മദ്ബഹായും മുഖാമുഖം ക്രമീകരിച്ചിരിക്കുന്നതുമെല്ലാം ഈ തത്ത്വതിൽ അധിഷ്ഠതമായാണ്.

### പള്ളിയുടെ ഭാഗങ്ങൾ 1. മദ്ബഹായും ത്രോണോസും

ബലി എന്നർത്ഥമുള്ള ദെബ്ഹോ എന്ന സുറിയാനിവാക്കിൽ നിനാണ് മദ്ബഹാ എന്ന വാക്കിന്റെ ഉത്ഭവം. ഈ വാക്കിന് ബലിപീഠം എന്ന അർത്ഥമുണ്ടെങ്കിലും ബലിപീഠം സ്ഥിതിചെയ്യുന്ന സ്ഥലത്തെ സൂചിപ്പിക്കുവാനാണ് സാധാരണ ഉപയോഗിക്കുന്നത്. പള്ളിയുടെ കിഴക്കേ അററത്താണ് മദ്ബഹാ സ്ഥിതിചെയ്യുന്നത്. 'ക്ദുശ്ക്കുദ്ശീന്' എന്നും 'ബെസ്കുദ്ശോ' എന്നും പേരു പറയാറുണ്ട്. വളരെ ശ്രദ്ധയോടെ മാത്രമേ മദ്ബഹായിലേക്ക് പ്രവേശിക്കാവൂ. അത് വരുവാനുള്ള ലോകത്തിന്റെ പ്രതീകമാകയാൽ നാമമാത്രക്രിസ്ത്യാനികൾക്ക് ആ സ്വർഗ്ഗീയ സുകൃതലോകത്തിലേക്ക് പ്രവേശനമില്ല.

'ത്രോണോസ്' എന്ന ഗ്രീക്ക് പദത്തിന്റെ അർത്ഥം തന്നെ 'സിംഹാസനം' എന്നാണ്. സുറിയാനിയിൽ ത്രോണോസിനെ കൃത്യമായി സൂചിപ്പിക്കുവാൻ ഉപയോഗിക്കുന്നത് മേശ എന്നർത്ഥമുള്ള 'പോത്തൂറോ' 'പോത്തൂർ ഹായേ' എന്നീ വാക്കുകളാണ്. വളരെ ശ്രദ്ധയോടും ബഹുമാനത്തോടും മാത്രം ത്രോണോസിനെ സമീപിക്കേണ്ടതാണ്. കാപ്പ ത്രോണോസിന്മേൽ വയ്ക്കുകയോ, ത്രോണോസിന്റെ മുമ്പിൽ കാപ്പ ധരിക്കുകയോ ചെയ്യരുത്. മദ്ബഹായുടെ നടുവിൽ സൗകര്യാർത്ഥം അൽപ്പം കിഴക്കോട്ടു മാററി തോണോസ് ക്രമീകരിക്കുന്ന രീതിയാണ് ഇന്ന് നിലവിലുള്ളത്. കർത്താവിന്റെ സിംഹാസനവും കബറുമാണ് ത്രോണോസ്. അത് കബറാണ് എന്നതിനാൽ ത്രോണോസ് ഉയർത്തി ദീർഘചതുരാകൃതിയിൽ നിർമ്മിക്കണം. ക്രിസ്തു ഒരിക്കൽ മാത്രമാണ് കബ്ബറടക്കപ്പെട്ടത് എന്നതിനാൽ ഒരുത്രോണോസ്സിൽ ഒരു ദിവസം ഒരു ബലി മാത്രമേ അർപ്പിക്കുവാൻ അനുവാദമുള്ളു ബലി അർപ്പിക്കുന്നത് ത്രോണോസിൽ വച്ചാണ് എന്നതിനാൽ അത് ബലിപീഠവും കൂടിയാണ്. അതേസമയം പരിശുദ്ധ ത്രിത്വത്തിന്റെ സാന്നിദ്ധ്യവും അതിന്മേലുണ്ട്. തൂയോബോശുശ്രൂഷയുടെ അവസാനം പിതാവ്, പുത്രൻ, പരിശുദ്ധ റൂഹാ എന്നീ മൂന്ന് ആളത്തങ്ങളുടെ പേരിലും ത്രോണോസിന്മേൽ ധൂപം വീശുന്നത് അതുകൊണ്ടാണ്. കല്ലോ, മരമോ ഉപയോഗിച്ചായിരിക്കണം ത്രോണോസ് നിർമ്മിക്കേണ്ടത്.

ത്രോണോസിനു മുമ്പിൽ പട്ടക്കാരനു കയറിനിൽക്കാൻ ഒരു പടി ഉണ്ടായിരിക്കണം. നടക്കല്ല്, ശ്രേണി, സ്ഥാനം എന്നെല്ലാം അർത്ഥമുള്ള 'ദർഗ' എന്ന് ഇതിനു പേരു പറയുന്നു. കുർബ്ബാന, പട്ടംകൊട മുതലായ ശുശ്രൂഷകളുടെ പ്രധാനഭാഗം ഇതിന്മേൽ നിന്നാണ് നിർവ്വഹിക്കുന്നത്. മേൽപ്പട്ടക്കാർക്കും, വൈദീകർക്കും, പൂർണ്ണശെമ്മാശന്മാർക്കും മാത്രമേ ഇതിന്മേൽ കയറുവാൻ അനുവാദമുള്ളൂ.

തുടരും....

## PRAYER MEETING SCHEDULE FOR FEBRUARY - 2014

| Date | Name | Address | Flr. | Flat | Mobile | Time(pm) |
|---|---|---|---|---|---|---|
| **St. Gregorios Prayer (Abbasiya) Secretary : Mr. Binu Varghese - 66764194 / 65837243** | | | | | | |
| 07/02 | Mr. Binny Mathew | Behind Tel. Communication Bldg. | G | 07 | 97752769 | 5.00 |
| 14/02 | Mr. Liju George Mathew | Address Bldg., Abbasiya | 08 | 44 | 97217118 | 5.00 |
| 21/02 | Mr. Vipin K Varghese | Opp. Family supper Bazar | 06 | 89 | 65962958 | 5.00 |
| **St. Basil Prayer (Abbasiya) Secretary : Mr. Alex P. George - 97435242** | | | | | | |
| 07/02 | Mr.John Varghese | Opp. Euro Asia Travels | 05 | 19 | 99209636 | 5:00 |
| 14/02 | Mr.Ebin Thomas | Family Super Mkt. Bldg | 06 | 21 | 97210519 | 5:00 |
| 21/02 | Mr.Ajoy Jacob George | Opp. to Al Razi Pharmacy | 06 | 25 | 99182907 | 5:00 |
| **St. Dionysius Prayer (Abbasiya) Secretary : Mr. Thomas Varghese - 99274419** | | | | | | |
| 07/02 | Mr. Liju K Thankachen | N/R Pardise Restaurant | 06 | 41 | 97132790 | 5:30 |
| 14/02 | Mr. Raju K. | N/R Unique stores | 04 | 16 | 99476337 | 5:30 |
| 21/02 | Mr. Biju P Abraham | N/R Hi dine supermarket | 06 | 66 | 55976901 | 5:30 |
| **St. George Prayer (Abbasiya) Secretary : Mr. Shiju Abraham - 65845959** | | | | | | |
| 07/02 | Mr. Soji Varghese | Maliyekkal Jewellry Building | 03 | 10 | 66751797 | 5.30 |
| 14/02 | Mr. Shibu Abraham | Building No.128, CMSupermarket bldg. | 05 | 34 | 96629861 | 5.30 |
| 21/02 | Mr. Abey Pappachen | Maliyakkal Jewellry Building | 04 | 11 | 90923709 | 5.30 |
| **St. Mary's Prayer (Riggai) Secretary : Mr. Babukutty K. Mathew - 60626195** | | | | | | |
| 07/02 | Mr. Ullas babu | Building No.7, Opp. Shia masjid | 02 | 05 | 66592881 | 7.30 |
| 21/02 | Mr. Nibu P Rajoo | Opp. Reggai Plaza Hotel. | 04 | 14 | 99648590 | 7.30 |
| **St. Thomas Prayer (Farwaniya & Khaitan) Secretary : Mr. Jacob Zachariah - 99720086** | | | | | | |
| 21-02 | Mr. V.Y. Thomas | Opp. Indian Community School, Khaitan | 03 | 13 | 97924739 | 6.30 |
| **St. John's Prayer (Hawally, Salmiya & Abuhalifa) Secretary : Mr. Shibu Abraham - 66952168** | | | | | | |
| 14-02 | Mr. Shibu Abraham | Near Al Plaza Hawally | 03 | 12 | 66952168 | 6.30 |

**Ninveh Lent - Retreat & Holy Qurbana**
**Venu : Ace's Hall, Subway Rest. bldg. Abbasiya**
11th Feb. 6:30 pm - Evening prayer & Retreat.
12th Feb. 6:30 pm - Evening prayer & Holy Qurbana.
Nercha will also be served on both days

**St. Stephens Indian Orthodox Sunday School :**
Regular classes will continue from 5:15 to 7:00 pm on every Thursdays at Successline Institute near Mookambika Jewellery Building, Abbasiya.


The Vicar & parishoners extend blissful happy B'day & Wedding Anniversary wishes to all whose same marks on the month of February. (Special prayer is offered in Holy Qurbana for them)

### St. Stephens IOC, Ist Managing Committee

| | | |
|---|---|---|
| Trustee | :Mr. Mathews Oommen - | 69950722 |
| Secretary | :Mr. George Pappachan - | 66322702 |
| Auditors | Mr. Varghese V.T. - | 65546382 |
| | Mr. Biju P. Abraham - | 55976901 |

### Managing Committee Members

| | |
|---|---|
| **St. Gregorios Prayer - Abbasiya** | |
| Mr. James George | 66465095 |
| Mr. Mathew Varghese | 99781931 |
| **St. Basil Prayer - Abbasiya** | |
| Mr. Abraham P.K. | 60473158 |
| Mr. Ebin Thomas | 97210519 |
| **St. Dionysios Prayer - Abbasiya** | |
| Mr. V.T. Mathew | 90949681 |
| Mr. Sunil Jacob | 99363710 |
| **St. George Prayer - Abbasiya** | |
| Mr. Shaju John | 66776676 |
| Mr. Rony Jacob | 99878197 |
| **St. Mary's Prayer - Riggai** | |
| Mr. Binu Mathew | 66084911 |
| Mr. Binoy Thankachan | 97329268 |
| **St. Thomas Prayer - Farwaniya, Khaitan** | |
| Mr. V.Y. Thomas | 97924739 |
| **St. John's Prayer, Hawally, Salmiya, Abuhalifa** | |
| Mr. Rajan Mathai | 66511549 |




### 80th Feast of St. Dionysius

The Holy Qurbana & Perunnal service will be on 27th February, Thursday, from 6:30 pm to 9:30 pm at Central School Auditorium, Abbasiya. Nercha will also be served.

## കൊയ്ത്ത് പെരുന്നാൾ 2014
ഫെബ്രുവരി 28

## Harvest Fest 2014
Feb. 28
Indian Community School, Khaitan




കർത്താവിൽ പ്രിയരെ,

കുവൈററിന്റെ മണ്ണിൽ മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് ശെമ്മശ്ശന്മാരിൽ പ്രധാനിയും, സഹദേന്മാരിൽ മുമ്പനുമായ മാർ സ്തേഫാനോസ് സഹദായുടെ നാമധേയത്തിൽ സഭാവിശ്വാസികൾക്ക് ഒരു ആരാധനാ സൗകര്യം കൂടി St. Stephens Indian Orthodox Congregation-ന്റെ രൂപീകരണത്തിലൂടെ പ്രാപ്യമായിരിക്കുകയാണ്. കഷ്ടതയുടെയും പീഢയുടെയും നടുവിൽ തളർന്നു പോകാതെ പരിശുദ്ധാത്മാവ് നിറഞ്ഞവനായി സ്വർഗ്ഗത്തിലേക്ക് ഉററുനോക്കി ദൈവമഹത്വവും ദൈവത്തിന്റെ വലതുഭാഗത്ത് യേശു നിൽക്കുന്നതും ദർശിച്ച ഒരു വലിയ സഹദാ ആയിരുന്നു മാർ സ്തേഫാനോസ്. ആ പിതാവിന്റെ മദ്ധ്യസ്ഥത ഇന്നു അനേകം പേർക്ക് കാവലും കോട്ടയും അഭയസ്ഥാനവുമാണ്. നാം ഏവർക്കും ആ സഹദായുടെ ജീവിതമാതൃക പിൻപററാം... ക്രൈസ്തവ മൂല്യങ്ങളെ മുറുകെപിടിച്ച് ജീവിതം നയിക്കാം.

"സഹദായുടെ നിത്യമായ മദ്ധ്യസ്ഥത നമുക്ക് എന്നും തുണയാകട്ടെ!"

ഫെബ്രുവരി മാസം രണ്ടാം വാരത്തിൽ പരിശുദ്ധ സഭയുടെ കാനോനിക നോമ്പുകളിൽ ഏററവും ചെറുതും എന്നാൽ ഏറെ പ്രാധാന്യം അർഹിക്കുന്നതുമായ മൂന്നു നോമ്പ് നാം അനുഷ്ഠിക്കുകയാണല്ലോ. നിനുവാ നഗരത്തിന്റെ ദിവ്യമായ പശ്ചാത്താപ അനുഭവം വിളിച്ചോതുന്ന ഈ നോമ്പു അനുഷ്ഠാനം നമ്മെ ആത്മീയ പുരോഗതിയിലേക്ക് നയിക്കട്ടെ! ഫെബ്രുവരി മാസം 28ാം തീയതി നമ്മുടെ ഇടവകയുടെ ആദ്യത്തെ ആദ്യഫലപ്പെരുന്നാൾ ആഘോഷിക്കുവാൻ നാം ഒരുങ്ങുകയാണല്ലോ. നമ്മുടെ പൂർവ്വികർ തങ്ങളുടെ അധ്വാനത്തിന്റെ ആദ്യഫലങ്ങളെ ദൈവസന്നിധിയിൽ സമർപ്പിച്ച് അനുഗ്രഹം പ്രാപിച്ചതുപോലെ ( നീ എനിക്കു തരുന്ന സകലത്തിലും ഞാൻ നിനക്കു ദശാംശം തരും എന്നു പറഞ്ഞു. ഉൽപ. 28:22)ദൈവം ദാനമായി നൽകുന്നതിന്റെ ആദ്യഫലങ്ങളെ നമുക്കു അനുഗ്രഹത്തിനായി ദൈവസന്നിധിയിൽ സമർപ്പിക്കാം.

സ്നേഹപൂർവ്വം, ഇടവക വികാരി

St. Stephens Indian Orthodox Congregation, Kuwait
Vicar : Fr.Saju Philip, Mob. - 60696128
Email : info@ststephensq8.org - www.ststephensq8.org

Website: www.mosc.in
E-mail: catholicos@mosc.in

Telephone: 0481-2574323, 2578500
Fax: 0481-2570569

## The Malankara Orthodox Syrian Church

### CATHOLICATE OF THE EAST

BASELIOS MARTHOMA PAULOSE II
CATHOLICOS OF
THE APOSTOLIC THRONE OF
ST. THOMAS
AND MALANKARA METROPOLITAN

CATHOLICATE PALACE
KOTTAYAM-686 038
KERALA, INDIA

January 9, 2014

*We are very much delighted to know that our St. Stephen's Indian Orthodox Church, the newly formed congregation of Malankara Orthodox Syrian Church in Kuwait region, is just about to publish the first volume of its monthly news bulletin "STEPHANIAN" from this month onwards. I'm confident that God Almighty will abundantly bless your effort in this regard, since this kind of efforts bring our brothers & sisters together and the fabric of this relationship would take us to live in harmony and peace. Let peace and God's love prevails everywhere.*

*We thank God for the heavenly blessings showered upon you. May our Lord Jesus Christ bless & help all hands behind this Magazine.*

Baselios Marthoma Paulose II

## The Malankara Orthodox Syrian Church

CATHOLICATE OF THE EAST

### DIOCESE OF CALCUTTA

[THE CALCUTTA ORTHODOX DIOCESAN COUNCIL]

REG. NO. 13697

DR. JOSEPH MAR DIONYSIUS
Diocesan Metropolitan
DIRECTOR/PRESIDENT : St.Thomas Mission, Bhilai
PRESIDENT : OSSAE-OKR
VICE-PRESIDENT : Ecological Commission of MOSC

ST. THOMAS ASHRAM
POST BOX NO. 24,
BHILAI-490 001 (C.G.) INDIA
Tel.:0788-2285309 Fax:0788-2285803
E-mail : calcuttadiocese@yahoo.co.in
calcuttadiocese@gmail.com
josephdionysius@gmail.com
Website: www.calcuttadiocese.com

### Message



*Warm greetings and blessings to the Vicar, Managing Committee Members and the beloved faithful members of St. Stephen's Indian Orthodox Congregation, Kuwait!*

*Beloved in the Lord,*

*We are happy to know that you are publishing a Monthly news letter of St. Stephen's IOC Kuwait. As you all are aware the travails and birth pangs involved in the formation of the new Congregation very much and you should actively grow as worshipping spiritual community.*

*As we know 'ecclesia' or 'church' is indeed the one body of Jesus Christ of which we are all members. In this era of technology when people communicate across the regional boundaries , the fact is that sometimes members of the same family or church try to lead a much more secluded life. We hope that this Monthly news letter will help in bridging the gap between the individuals and families. We hope and pray that this Monthly news letter will indeed become a tool to strengthen relationships and unify different families to establish an ideal Kingdom of God on this earth.*

*Your Shepherd in Christ,*

***Dr. Joseph Mar Dionysius Metropolitan***

***Feast of St. Stephen, 2014***
***Mt. Tabor Daira, Pathanapuram***

# ഇടയ സന്ദേശം



H.H. BASELIOS MARTHOMA PAULOSE II

പത്തൊമ്പതാം സങ്കീർത്തനത്തിൽ ദാവീദ് ഇപ്രകാരം പ്രാർത്ഥിക്കുന്നുണ്ട്. "ദുഷ്ടന്മാർ എന്നിൽ അധികാരപ്പെടാതിരിപ്പാനും പാപങ്ങളിൽ നിന്നു ഞാൻ വെടിപ്പുള്ളവനായിരിപ്പാനുമായിട്ട് അന്യായങ്ങളിൽ നിന്നും നിന്റെ ദാസനെ തടയേണമെ. എന്റെ സഹായകനും എന്റെ രക്ഷിതാവുമായ കർത്താവേ! എന്റെ വായിലെ വചനങ്ങൾ നിന്റെ ഇഷ്ടപ്രാകരവും എന്റെ ഹൃദയത്തിലെ ധ്യാനം നിന്റെ മുമ്പാകെയും ഇരിക്കണമെ". ഈ നാളുകളിൽ ഓരോ വിശ്വാസിയുടെയും ഹൃദയങ്ങളിൽ നിന്നും ഉയരേണ്ട അപേക്ഷയാചനയാകണമിത്. അധാർമ്മികതയുടെ വഴികളിലൂടെ സാത്താൻ നമ്മിൽ അധികാരം സ്ഥാപിക്കാതിരിക്കുവാനും പരിപൂർണ്ണ ദൈവാശ്രയത്തോടെ ജീവിക്കുവാൻ നാം ഉത്സാഹിക്കണം. മാനുഷികമായ ബലഹീനതകളിൽ നമുക്ക് ബലം നൽകി സഹായിക്കുന്ന മിശിഹാ തമ്പുരാന്റെ ഹൃദയത്തോട് നമ്മുടെ കാതുകളെ ചേർത്ത് വച്ച് അവന്റെ സ്വരം കേട്ട് അവനുള്ളവരായി ജീവിക്കുവാൻ നമുക്ക് പരിശ്രമിക്കാം.

പ. വട്ടശ്ശേരിൽ തിരുമേനിയുടെ ഓർമ്മപ്പെരുന്നാളിലേക്ക് നാം പ്രവേശിക്കുവാൻ ഒരുങ്ങുന്നു. സഭാസ്വാതന്ത്ര്യവും, ഉൾഭരണവും മാത്യ്രരാജ്യത്തിന്റെ സ്വാതന്ത്ര്യ അഭിവാഞ്ചയുമായി ചേർത്തു വായിച്ചു. അധീശത്വശക്തികൾക്കു വിധേയപ്പെടുന്ന സഭ ഉൾഭരണ സ്വാതന്ത്രത്തിനുവേണ്ടി പോരാടുന്ന ജനലക്ഷങ്ങൾക്ക് വെല്ലുവിളിയാണെന്ന് അദ്ദേഹം തിരിച്ചറിഞ്ഞു. അതുകൊണ്ടാണ് സ്വതന്ത്രഭാരതത്തിലെ സ്വതന്ത്രസഭ എന്ന ആശയം അദ്ദേഹത്തിന്റെ ചിന്തകൾക്ക് തീപിടിപ്പിച്ചത്. ഉത്തമഗുരുവര്യനായ തിരുമേനി ഉദാത്തജ്ഞാനാനുഭവത്തെ സാധാരണക്കാരന് പ്രാപ്യമായ തലത്തിലേക്കെത്തിയ്ക്കുവാൻ പരിശ്രമിച്ചു. ഭാരതത്തിന്റെ ഋഷിസംസ്കാരവും, പൗരസ്ത്യ വേദപരിജ്ഞാനീയവും, പാശ്ചാത്യ വിപ്ലവാത്മകതകളും, ഒരേതലത്തിൽ സംയോജിപ്പിച്ച് വിശ്വാസപരവും, വൈജ്ഞാനികവുമായ വഴിത്താരകളെ സംയോജിപ്പിക്കുവാൻ പ. തിരുമേനിക്ക് സാധിച്ചു. പ. പിതാവിന്റെ കബറിൽ കൊത്തിവെച്ചിട്ടുള്ള വാചകം 'Times will not dim his Glory' ഏറെ അർത്ഥവത്താണ്. പഴക്കംതോറും വീര്യംകൂടുന്ന വീഞ്ഞുപോലെ, കാലങ്ങൾ പിന്നിടുന്തോറും അദ്ദേഹത്തിന്റെ സ്മരണയ്ക്ക് പ്രസക്തിയും, വ്യാപ്തിയും കൂടിവരുന്നു. പ. തിരുമേനിയുടെ കബറികലെത്തിക്കൊണ്ടിരിക്കുന്നു ആയിരങ്ങളുടെ അനുഭവസാക്ഷ്യങ്ങൾ ഇതിന് മാററുകൂട്ടുന്നു. എപ്പോഴും തുറന്നിട്ടിരിക്കുന്ന കോട്ടയം പഴയസെമിനാരിയിലെ കബർമുറിയിൽ രാത്രിയെന്നോ, പകലെന്നോ വ്യത്യാസമില്ലാതെ കണ്ണീരണിഞ്ഞ പ്രാർത്ഥനാസ്വരങ്ങളോടെ കുമ്പിടുകയും, ദൈവീകാനുഗ്രഹങ്ങളോടെ കടന്നുപോവുകയും ചെയ്യുന്നവരുടെ അനുഭവങ്ങൾ അനേകർക്ക് പ്രത്യാശയുടെ വാതിൽ തുറന്നു നൽകുന്നു. ദാനിയേൽ 12:3ൽ പറയുന്ന 'ബുദ്ധിമാന്മാർ ആകശമണ്ഡലത്തിന്റെ പ്രഭപോലെയും, പലരെയും നീതിയിലേക്കു തിരിക്കുന്നവർ നക്ഷത്രങ്ങളെപ്പോലെയും ശോഭിക്കും' എന്ന വേദദർശനം പോലെ ദൈവത്തിനും, സഭയ്ക്കും, സമൂഹത്തിനും സ്വയം സമർപ്പിച്ച സ്വർഗ്ഗിയ നക്ഷത്രവും, ദൈവീകപരിജ്ഞാനിയുമായ പ. വട്ടശ്ശേരിൽ ഗീവർഗ്ഗീസ് ദിവന്നാസിയോസിന്റെ മദ്ധ്യസ്ഥത നമുക്ക് കാവലും കോട്ടയുമായിരിക്കട്ടെ. ദൈവം അനുഗ്രഹിക്കാട്ടെ.

# TEMPLES OF ISRAEL

Fr. Dr. Shaji P. John
(Vice Principal STOTS, Nagpur)



The Temple has got a significant place in the religious and social life of Israelites. For the Israelites and all other people of the ancient world, religion was essentially a social phenomenon. It was expressed through communal participation in specified rituals that could only take place in temple. The temple was the place of prayer, worship and sacrifice. In the ancient Near East, temples were considered as the earthly dwelling place of the gods. For the Jews and Christians the Temple of Jerusalem is the House of God. The first temple of Israelites was built by Solomon in the tenth century BC. This was destructed by the Babylonians invasion in 587 BC and was restored as a second temple early in the post exilic period. The temple of the New Testament time was a grand edifies, rebuilt and enlarged by Herod the Great. Its construction began in 19BCE and was completed in 64 CE, six years before its destruction by the Romans in 70CE. The temple played an important part in the ministry of Jesus and the apostolic church and its structure and patterns of worship provided the basis for New Testament and many of the theological images.

## Early Worship Centres

It is very difficult to make history of worship in Old Testament. However, we can see the development and changes in the concept of worship of the people of Israel. In the patriarchal period worship was simple, individual, and periodic. It occurred at mountains, streams, rocks, or trees, wherever God appeared to the worshiper. Worship had no mediator, no idol, and no stated time. Some scholars suggests that the patriarchs were animists or polytheists, but we don not find the patriarchs were worshiping material objects or the spirits which some suppose reside in them.

Worship in Mosaic period begins with the theophany at the burning bush and Moses' call to lead the Israelites out of Egypt. The worship of Yahweh is the part of the purpose of exodus. Free of Egypt, Israel was to hold a feast, make sacrifices, and serve Yahweh. A great change occurred in Israel's worship at Sinai (Ex. 19-24). Worship becomes corporate. The whole nation participates in the preparation for theophany. The mountain may represent a stated place and Moses becomes the mediator of the Holy. The Israelites made portable sanctuary "holy-place" or a "dwelling place", during their wilderness journey. Whether or not sacrifices were actually offered in the wilderness may be debated. The worship of Israel entered a new phase during the period of monarchy. A temple was built, and eventually all communal worship involving the offering of sacrifice was centralised in the new temple.

## The Temple of Solomon

This was the first temple of the Jewish tradition. There are a lot of references about this temple both in OT and NT. However, the chief source of information about the Solomon's temple are the description in I Kings chapters 5-8, II Chronicle 2-7 and those in Ezekiel 40-43. Bible presents the building of Solomon's temple as an act of piety through which the young king fulfilled the dream of his father David. The early tradition in II Sam. 24:16-25 shows that David purchased a threshing floor form Araunah the Jebusite up on which to build an altar. According to I Chr. 22:1, II Chr. 3:1(where Araunah is called Ornan) this was the site of Solomon's temple. The building of the First Temple was a monumental task. Phoenician craftsmen were employed to build the Temple. Construction began in the fourth year of Solomon's reign and took seven years. After the completion of the Temple it was dedicated by King Solomon in 953 BC.

In size the building was 60 cubits long, 20 cubits wide, and 30 cubits high. At the front of the temple was an Ulam or Elam, variously translated "porch," "portico," or "entrance hall," 20 cubits wide. Beyond this one was the Hekhal or main room called "holy place,"40 cubits long. Beyond Hekhal was the place called "holy of holies." This room was an exact cube, 20 cubits in each dimension. Around all of the outside of the building except the hekhal there was a structure variously translated as a "side rooms", "side wing," and the like. Some scholars are of the view that this structure was a later addition, or was a part only of second temple, that of Zerubbabel. The temple building did not stand alone, but was the part of a complex of royal buildings that took altogether twenty years to build. For this reason some refer it as a royal chapel.

The uniqueness of this temple comparing with the other temples in the ancient world is that there was no idol in it. It contained only the Mercy Seat over the Ark and the Cherubim overshadowing the Mercy Seat. The Temple also symbolized the hearing ear of God: "Yet regard the prayer of Your servant and his supplication, O Lord my God, and listen to the cry and the prayer which Your servant is praying before You today: that Your eyes may be open toward this temple night and day toward the place of which You said, "My name shall be there," and that You may hear the prayer which Your servant makes toward this place." (1 Kings 8:28-29). It was also a place of refuge for the stranger (1 Kings 8: 4143). The Temple was the house of prayer for all people where all nations of the earth should fear God (Isaiah 56:7). The universal splendor of the Solomon's temple brought pilgrims from near and far.

However, Solomon in his later life separates himself from God and consequently God raised up adversaries against him. The temple would now continue to decline and wealth and splendor and importance for the next 367 years. And the Babylonians captured the city and destroyed the temple in the year 586 BCE.

(Continue on next issue.....)